KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.1 Issue.6 August 2021

# സംഘങ്ങളുടെ വികസനത്തിന് 13 ജില്ലകളിൽ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചു.

കേരള ബാങ്കിന്റെ അംഗങ്ങളായ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകളിലും പാക്സ് ഡെവലപ്പ്മെൻറ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കാൻ കേരള ബാങ്ക് ഭരണസമിതി തീരുമാനിച്ചു.

അതാതു ജില്ലകളിലെ ഭരണ സമിതി അംഗം ചെയർമാനായ ഒരു 7 അംഗ കമ്മിറ്റിയാണിത്. ഓരോ റീജിയനിലും ഉൾപ്പെടുന്ന തൊട്ടടുത്ത ജില്ലയിലെ ഭരണസമിതി അംഗം, ജില്ലയുടെ പരിധിയിലെ ബോർഡ് ഓഫ് മാനേജ്മന്റ് അംഗം, അതാതു റീജിയണൽ മാനേജർ, റീജിയണൽ ഓഫീസ് പാക്സ് ഡെവലപ്പ്മെൻറ് & കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് ഡിപ്പാർട്മെന്റിലെ ഡെപ്യൂട്ടി ജനറൽ മാനേജർ, സംഘങ്ങളുടെ അസോസിയേഷൻ പ്രതിനിധി (പ്രസിഡൻറ് /സെക്രട്ടറി) എന്നിവർ മെമ്പർമാരും, ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററിലെ ഡെപ്യൂട്ടി ജനറൽ മാനേജർ കൺവീനറുമായ കമ്മിറ്റിയുടെ പ്രധാന ഉദ്ദേശ്യം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും, ആധുനികവത്കരണവും പരമാവധി വേഗത്തിലാക്കുക എന്നതാണ്.

ഓരോ സംഘത്തിന്റെയും പ്രവർത്തനം സൂക്ഷ്മമായി പരിശോധിച്ച്, ഭാവി പ്രവർത്തനങ്ങൾക്കാവശ്യമായ പ്രായോഗിക നിർദേശങ്ങൾ ജില്ലാതലത്തിൽ നൽകുന്നതോടൊപ്പം പൊതുസമൂഹത്തിൽ സഹകരണ മേഖലയുടെ മൂല്യം ഉയർത്തുന്ന രീതിയിലുള്ള എല്ലാ പ്രവർത്തനങ്ങളും അഡ്വൈസറി കമ്മിറ്റിയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു. കമ്മിറ്റി യോഗങ്ങളിൽ ബാങ്കിന്റെ ഉന്നത അധികാരികളുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്.

# എറ്റിഎം ഡെമോൺസ്ട്രേഷൻ വാനുകൾ പ്രവർത്തനം തുടങ്ങി



കാസർഗോഡ് കേരള ബാങ്കിന്റെ എറ്റിഎം ഡെമോൺസ് ട്രേഷൻ വാൻ ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ ഫ്ലാഗ് ഓഫ് ചെയ്യുന്നു.



പാലക്കാട് ഡയറക്ടർ, ശ്രീ.എ.പ്രഭാകരൻ എംഎൽഎ വാൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.



തിരുവനന്തപുരത്ത് നബാർഡ് ജനറൽ മാനേജർ, ശ്രീ.ആർ. ശങ്കർ നാരായണന്റെ സാന്നിദ്ധ്യത്തിൽ ബാങ്ക് ഡയറക്ടർ അഡ്വ. എസ്.ഷാജഹാൻ വാൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.

നബാർഡിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ ഫണ്ട് പ്രകാരം കേരള ബാങ്കിന് ലഭിച്ച എറ്റിഎം ഡെമോൺസ്ട്രേഷൻ വാനുകളുടെ പ്രവർത്തനം കാസർഗോഡ്, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചു.

ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ വാനിന്റെ പ്രവർത്തനം കാസർഗോഡ് ജില്ലയിൽ ഉദ്ഘാടനം ചെയ്തു. നബാർഡ് ഡിഡിഎം, ശ്രീമതി. കെ.ബി. ദിവ്യ മുഖ്യ പ്രഭാഷണം നടത്തി. ബാങ്ക് ഡയറക്ടർ, ശ്രീ. സാബു അബ്രഹാം, മാനേജിങ് കമ്മിറ്റി അംഗം, അഡ്വ: മാണി വിതയത്തിൽ, ബാങ്ക് സിഇഒ, ശ്രീ.പി.എസ്. രാജൻ, കണ്ണൂർ റീജിയണൽ ജനറൽ മാനേജർ, ശ്രീ.എം.പി.ഷിബു, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീ.ടി.എച്ച്. ശോഭനൻ, ശ്രീ.വി. നാരായണൻ, ശ്രീ.പി.എസ്. ഗിരീഷ്കുമാർ, ശ്രീമതി.കെ. സുരജ എന്നിവർ സംബന്ധിച്ചു.

പാലക്കാട് ബാങ്ക് ഡയറക്ടർ, ശ്രീ.എ.പ്രഭാകരൻ എംഎൽഎ വാൻ ഫ്ലാഗ് ഓഫ് ചെയ്തു. റീജിയണൽ ജനറൽ മാനേജർ, ശ്രീമതി.പ്രീത കെ. മേനോൻ, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ, ശ്രീ.ടി.രാമകൃഷ്ണൻ, ശ്രീ.ആർ. രാധാകൃഷ്ണൻ, ശ്രീമതി. ദീപ ജോസ്, ശ്രീ.കെ.രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

തിരുവനന്തപുരത്ത് നബാർഡ് ജനറൽ മാനേജർ, ശ്രീ.ആർ. ശങ്കർ നാരായണന്റെ സാന്നിദ്ധ്യത്തിൽ ബാങ്ക് ഡയറക്ടർ അഡ്വ. എസ്.ഷാജഹാൻ വാനിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം റീജിയണൽ ജനറൽ മാനേജർ, ഡോ. ആർ. ശിവകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീ.എം.ഷാഫി, ശ്രീ.ഡി.രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

ബാങ്കിംഗ് സാങ്കേതിക വിദ്യയും സാമ്പത്തിക സാക്ഷരത അവബോധവും ഗ്രാമപ്രദേശങ്ങളിൽ എത്തിയ്ക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമാണ് ഇത്തരം വാനുകൾ ക്രമീകരിച്ചിരിക്കുന്നത്. എയർ കണ്ടീഷൻ സൗകര്യത്തോടുകൂടിയുള്ള വാഹനത്തിനുള്ളിൽ ഒരു ബിസിനസ്സ് ലോഞ്ചും, ബിസിനസ്സ് പ്രോഡക്ടുകൾ പ്രദർശിപ്പിക്കുന്നതിനുള്ള സ്മാർട്ട് ടിവി, സ്പീക്കർ, എറ്റിഎം കൗണ്ടർ എന്നീ ആധുനിക സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

NABARD
Published with assistance from NABARD under Co-operative Development Fund

# കേരള ബാങ്ക് ഹെഡ്ഓഫീസിൽ സ്വാതന്ത്ര്യദിനം ആഘോഷിച്ചു





സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സിഇഒ, ശ്രീ.പി.എസ്.രാജൻ ബാങ്ക് ഹെഡ്ഓഫീസിൽ ദേശീയ പതാക ഉയർത്തുന്നു



ബാങ്ക് ഹെഡ്ഓഫീസിലെ വിമുക്ത ഭടന്മാരായ സെക്യൂരിറ്റി സ്റ്റാഫ് അംഗങ്ങളെ സിഇഒ ആദരിക്കുന്നു



വിമുക്ത ഭടനും ബാങ്ക് ഹെഡ്ഓഫീസിലെ ഐടി വിഭാഗത്തിലെ ജീവനക്കാരനുമായ ശ്രീ. എൻ. ജയപാലൻ തമ്പിയെ ആദരിക്കുന്നു

**ആലപ്പുഴ**

# സാമൂഹിക പ്രതിബദ്ധതയോടെ കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്



ആലപ്പുഴ കണ്ടല്ലൂരിലെ സാധാരണക്കാരെ ഹുണ്ടികക്കാരുടെയും വട്ടിപ്പലിശക്കാരുടെയും നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുന്നതിന് തുടങ്ങിയ പരസ്പര സഹായ സഹകരണ സംഘം 1980- മുതൽ കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്കായി സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു. ഇന്ന് ഈ മഹാമാരിയുടെ കാലത്തും ജനോപകാരമായ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിൽ മുൻപന്തിയിലാണ് കണ്ടല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്.

ഓഖി, പ്രളയം, കോവിഡ്- 19 മഹാമാരി എന്നിവ നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും ബാങ്ക് ഏറ്റെടുത്ത് നടപ്പിലാക്കി. കെയർ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുതന പഞ്ചായത്തിലെ കണ്ണമാലി ശ്രീമതി. സുമതിയ്ക്ക് വീട് നിർമ്മിച്ച് നൽകി. ബഹു: മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ, ഓൺലൈൻ വിദ്യാഭ്യാസത്തിന് ലാപ്ടോപ്പ്വാങ്ങുന്നതിനു വേണ്ടിയുള്ള വായ്പ, വിദ്യാതരംഗിണി വായ്പ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

കോവിഡ് മഹാമാരിയുടെ അതിജീവനത്തിനും ഭക്ഷ്യ സുരക്ഷയ്ക്കും വേണ്ടി ഹരിത കേരള മിഷൻ, കണ്ടല്ലൂർ പഞ്ചായത്ത്, കൃഷിഭവൻ എന്നിവയുമായി ചേർന്ന് നെൽകൃഷി ചെയ്തു. കണ്ടല്ലൂർ, ആറാട്ടുപുഴ പഞ്ചായത്തിലെ ബാങ്കിന്റെ പ്രവർത്തനപരിധിയിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് മണ്ണും വളവും നിറച്ച മൂവായിരം ഗ്രോബാഗ്, പച്ചക്കറിതൈ, വിത്ത് എന്നിവ സൗജന്യമായി നൽകി. കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള എല്ലാ വീട്ടുകാർക്കും മാസ്കുകൾ സൗജന്യമായി വിതരണം ചെയ്തു. കൂടാതെ കമ്മ്യൂണിറ്റി കിച്ചന് സംഭാവന, ബാങ്കിന്റെ പ്രവർത്തന പരിധിയിൽ അണുനശീകരണം, കണ്ടല്ലൂർ പിഎച്ച്സിക്ക് സൗജന്യമായി മരുന്ന് വിതരണം എന്നിവ നടത്തി.

മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പ്രസിഡന്റിന്റെ ഓണറേറിയം, ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും, ബാങ്കിന്റെ വിഹിതവും ഉൾപ്പെടെ 2031652/ രൂപയും മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് 2724621/- രൂപയും നൽകി.

യശ്ശശരീരനായ പി.എസ്.വാസു, കടുവങ്കൽ ശ്രീധരൻ എന്നിവർ മുൻകൈ എടുത്ത് പരസ്പര സഹായ സംഘം കൊല്ലവർഷം 6.8.1116 - ൽ രജിസ്റ്റർ ചെയ്ത് 8.10.1116 - ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ക്ലാസ് - I സൂപ്പർ ഗ്രേഡ് ബാങ്കായി വേലഞ്ചിറ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ബാങ്കിന് ഹെഡ് ഓഫീസും നാല് ശാഖകളുമുണ്ട്. കൂടാതെ, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, നീതി സൂപ്പർ മാർക്കറ്റ്, സഹകരണ ലാബ് എന്നിവയും നടത്തി വരുന്നു. 1999 മുതൽ അറ്റലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് അംഗങ്ങൾക്ക് 20 ശതമാന നിരക്കിൽ ഡിവിഡെൻറും നൽകി വരുന്നു. നിലവിൽ പ്രസിഡന്റ് അഡ്വ.എസ്. സുനിൽകുമാറും സെക്രട്ടറി ശ്രീ.എം.യോഗിദാസനുമാണ്.

# ഹെഡ്ഓഫീസിലെ ഓണാഘോഷം










മഴവില്ലുതന്നുടെ സത്തു കൊണ്ടു
മകരന്ദം വിളയിക്കും ചക്രവാളം
മലയാളി തന്നുടെ മനതാരതിൽ
മധുര സ്വപ്നങ്ങൾ പടുത്തുയർത്തും
മഹനീയ കേരള വാസ ഗൃഹം
മാമക കേരള ബാങ്ക് തന്നെ

ആരോരുമില്ലാത്ത ഏഴകൾക്കും
പാരിതിൽ പണി ചെയ്യും മാലോകർക്കും
കൂടണയാനൊരു വീട് വേണ്ടവർക്കും
നാട്ടിലണഞ്ഞൊരു മലയാളിക്കും

അങ്കണം കാണാകുരുന്നുകൾക്കും
അംഗനമാർക്കും അഗതികൾക്കും
കോവിഡിൻ കാലത്തു ദീപമേകാൻ
ദീനരേ നിങ്ങൾക്ക് ഞങ്ങളുണ്ടേ

വേഗത്തിലോട്ടും മനസ്സുപോലെ
സുവേഗത്തിലോട്ടുന്ന വണ്ടികൾക്കും
മാളിനും മാടക്കടകൾക്കുമെല്ലാം
മാടിവിളിക്കുന്ന ലോണു നൽകാൻ

കനകം വിളയിക്കും വയലേലക്കും
കനകമണിഞ്ഞൊരു സുരലോകർക്കും
കണികനേരം കൊണ്ട് കരുതലേകാൻ
കേരള ബാങ്കിത് കൂടെയുണ്ടേ

കേരള നാടിന്റെ ഭാവഗീതം
കേളികളാടുന്ന പുണ്യതീരം
കേരം വിളയുന്ന ഭുവിതിലിൽ
സ്നേഹം വിളയിക്കും സ്വർഗ്ഗലോകം

മാമല നാട്ടും ഇടനാടിതും
ഇടനെഞ്ചിലേറ്റുന്ന പുണ്യ ഗീതം
തീരത്തണയുന്ന മുക്കുവനും
തീർത്ഥമതേകുന്ന പുണ്യഗേഹം

ഒന്നാകുമേതു മലയാളിയെയും
ഒന്നാമനാക്കും ശരണമന്ത്രം
ഒന്നായ് നന്നായ് നിന്നുവെന്നാൽ, നമ്മെ
വെല്ലാനൊരുവർക്കും ആവതില്ലേ
വെല്ലാനൊരുവർക്കും ആവതില്ലേ

**കൃഷ്ണകുമാർ ജി**
ഏരിയ മാനേജർ
കേരള ബാങ്ക് കൊല്ലം



മുവാറ്റുപുഴ മുൻസിപ്പാലിറ്റിയിലെ ഏറ്റവും നല്ല സമ്മിശ്ര കർഷകനുള്ള അവാർഡ് കേരള ബാങ്ക് മൂവാറ്റുപുഴ റൂറൽ ശാഖാ മാനേജർ, ശ്രീ.പി.ആർ. സുദാസന് മുവാറ്റുപുഴ എംഎൽഎ, ശ്രീ. മാത്യു കുഴൽ നാടൻ നൽകുന്നു



കേരള ബാങ്ക് തിരുവനന്തപുരം റീജിയണൽ ഓഫീസിലെ എക്സിക്യൂട്ടീവ് ഓഫീസറായ, ശ്രീ.എ.സക്കീർ തന്റെ പിതാവിന്റെ സ്മരണയ്ക്കായി തന്റെ പേരിലുള്ള ഭൂമിയിൽ നിന്നും 4 സെന്റ് കണിയാപുരം സ്വദേശി ശ്രീ.അശോകന് നൽകി. സ്ഥലത്തിന്റെ പ്രമാണം ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി, അഡ്വ. ജി.ആർ. അനിൽ, ശ്രീ. അശോകന് കൈമാറി. പൊതുപ്രവർത്തകനും സിപിഐ മുൻ ജില്ലാ കൗൺസിൽ അംഗവും ദീർഘകാലം അണ്ടൂർക്കോണം പഞ്ചായത്ത് പ്രസിഡൻറും ആയിരുന്ന ശ്രീ. വി.എം. അസനാരുപിള്ളയാണ് ശ്രീ.സക്കീറിന്റെ പിതാവ്.



ടോക്യോ ഒളിമ്പിക്സിൽ ഭാരോദ്വഹനത്തിൽ വെള്ളി മെഡൽ നേടിയ ശ്രീമതി.മീരാ ഭായ് ചാനുവിനൊടൊപ്പം സഹ പരിശീലകനായ ശ്രീ.എ.പി.ദത്തൻ. ശ്രീ. ദത്തന്റെ ഭാര്യ ശ്രീമതി. സന്ധ്യ കേരള ബാങ്ക് തൃശ്ശൂർ പഴയന്നൂർ ശാഖാ ജീവനക്കാരിയാണ്. ശ്രീ.ദത്തൻ 14-ഓളം ചാമ്പ്യൻഷിപ്പുകളിൽ ശ്രീമതി. ചാനുവിന്റെ സഹപരിശീലകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്

# Transforming Villages. Ensuring Prosperity.




NABARD

Development Bank of the Nation

www.nabard.org /nabardonline


Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905